# മെഡിവിസ്റ്റ ആരോഗ്യ സെമിനാർ

കോട്ടയം: കുട്ടികളിലെ ശാരീരിക മാനസിക വൈകല്യങ്ങൾ കണ്ടെത്തി മാറ്റുന്നത് ഈശ്വരാരാധനയാണെന്നും ഇതിന് ശാസ്ത്രീയ മാർഗങ്ങൾ അവലംബിക്കണമെന്നും ജസ്റ്റിസ് കെ. ടി. തോമസ് പറഞ്ഞു.

റോട്ടറി ക്ലബും മെഡിവിസ്റ്റ ഹെൽത്ത് കെയർ സൊല്യൂഷൻസും സംഘടിപ്പിച്ച ആരോഗ്യ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സെമിനാറിൽ വിവിധ സ്കൂളുകളിൽനിന്നുള്ള പ്രധാന അധ്യാപകരും അധ്യാപകരും രക്ഷാകർത്താക്കളും പങ്കെടുത്തു.

റോട്ടറി ക്ലബ് പ്രസിഡന്റ് ഡോ. സാബു കുര്യൻ അധ്യക്ഷത വഹിച്ചു.

മുൻ ഹയർ സെക്കൻഡറി ഡയറക്ടറും മെഡിവിസ്റ്റയുടെ ചീഫ് കൺസൽറ്റന്റുമായ ജയിംസ് ജോസഫ്, ചീഫ് ഓപ്പറേറ്റിങ് ഓഫിസർ പ്രദീഷ് തോമസ്, റോട്ടറി ക്ലബ് സെക്രട്ടറി ജിജോ ജേക്കബ്, ഡോ. വർഗീസ് പുന്നൂസ്, ക്യാപ്റ്റൻ സോജൻ ജോസ് എന്നിവർ പ്രസംഗിച്ചു.